ഉത്തരം

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ചാലക്കുടി മണ്ഡലത്തിലെ വടക്കേച്ചാൽ കുളത്തിനുപകരം കാട്ടുകുറ്റി പഞ്ചായത്തിലെ പതിയംകുളം കെട്ടി സംരക്ഷിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ചാത്തമംഗലം പഞ്ചായത്തിലെ കോഴിമണ്ണ പറമ്പ പ്രദേശത്തെ മണ്ണിടിച്ചിൽ

163 (4449) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം പഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകരയിൽ കോഴിമണ്ണ പറമ്പ പ്രദേശം മണ്ണിടിച്ചിൽ കാരണം തകർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തെ മണ്ണിടിച്ചിൽമൂലം, മാനസിക വൈകല്യമുള്ള രണ്ട് സ്ത്രീകൾ താമസിക്കുന്ന വീട് തകർച്ചയുടെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ കെട്ടി സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് 26 ലക്ഷം രൂപയുള്ള പുഴയോര സംരക്ഷണ പദ്ധതിക്ക് ആർ.എം.എഫ്.-ൽ ഉൾപ്പെടുത്തി 22-8-2014-ൽ നടന്ന ജില്ലാ വിദഗ്ധ സമിതി അംഗീകാരം നൽകിയിട്ടുണ്ട്.

പാമ്പാറിന് കുറുകെ അണക്കെട്ട്

164 (4450) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാറിന് കുറുകെ നിർമ്മിക്കുന്ന പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly